"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കൊല്ലം ജില്ല - കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററായി (CFLTC) - വാളകം മേഴ്സി ആശുപത്രിയിൽ ഭക്ഷണ വിതരണം ചെയ്ത കഫേ കുടുംബശ്രീ യൂണിറ്റിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.418/2025/DMD തീയതി,തിരുവനന്തപുരം, 25-06-2025

---

പരാമർശം:- 1. കൊല്ലം ജില്ലാകളക്ടറുടെ 25.12.2024, 18.03.2025 എന്നീ തീയതികളിലെ DCKLM/7268/2020-DM1 നമ്പർ കത്ത്.

2 WP(C)35834/2023 നമ്പർ കേസിലെ 13/03/2024-ലെ ഇടക്കാല ഉത്തരവ്.

**ഉത്തരവ്**

പരാമർശം (2) -ലെ 13/03/2024-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിലെ വാളകം മേഴ്സി ആശുപത്രിയെ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററായി (CFLTC) സജ്ജീകരിച്ചിരുന്ന സാഹചര്യത്തിൽ, അവിടെ ചികിത്സയിൽ കഴിഞ്ഞിരുന്ന രോഗികൾക്ക് 01.01.2022 മുതൽ 31.03.2022 വരെയുള്ള കാലയളവിൽ ഭക്ഷണം വിതരണം ചെയ്ത വകയിൽ കഫേ കുടുംബശ്രീ യൂണിറ്റ് ചെലവായ 6,43,691/- രൂപ Flood other items എന്ന ശീർശകത്തിൽ നിന്ന് തുക അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് പരാമർശം 1 പ്രകാരം കൊല്ലം ജില്ലാകളക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്ത വകയിൽ കഫേ കുടുംബശ്രീ യൂണിറ്റ് ചെലവായ 6,43,691/- രൂപ (ആറ് ലക്ഷത്തി നാൽപ്പത്തിമൂവായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) "2245-02-101-94-01-Flood Other Items" എന്ന ശീർഷകത്തിൽ നിന്ന് കൊല്ലം ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, കൊല്ലം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sivaprasad V N
Date: 25-06-2025 17:38:05
സെക്ഷൻ ഓഫീസർ